നം. ബി 2 –5396/2007

ജോയിന്റ് കമ്മീഷണറുടെ കാര്യാലയം,
സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്,
ടാക്സ്ടവേഴ്സ്, കരമന, തിരുവനന്തപുരം
tvmdc.ctd@kerala.gov.in
Ph:0471-2785026
തീയതി-24.09.2020

**ജില്ലാതല ജി.എസ്.റ്റി ഫെസിലിറ്റേഷൻ കമ്മിറ്റി സെപ്റ്റംബർ 2020**

2020 സെപ്റ്റംബർ മാസത്തെ ജില്ലാതല ജി.എസ്.റ്റി ഫെസിലിറ്റേഷൻ കമ്മിറ്റിയോഗം സെപ്റ്റംബർ 4ാംതീയതി വെള്ളിയാഴ്ച ഉച്ച കഴിഞ്ഞ് 3 മണിക്ക് ഗൂഗിൾ മീറ്റ് വഴി നടത്തുകയുണ്ടായി. ജില്ലാതല ജോയിന്റ് കമ്മീഷണറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പങ്കെടുത്ത വ്യാപാരി പ്രതിനിധികളേയും വകുപ്പ് പ്രതിനിധികളേയും ജോയിന്റ് കമ്മീഷണർ സ്വാഗതം ചെയ്തു . മുൻ യോഗത്തിന്റെ മിനുട്സ് വായിക്കുകയും അതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ എടുത്ത നടപടികൾ വിശദീകരിക്കുകയുമുണ്ടായി.

**പങ്കെടുത്ത വകുപ്പ് പ്രതിനിധികൾ**

1. ശ്രീ. മനു.ബി, ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം. ,
2. ശ്രീ. സജിത്ത് പി.എസ്, ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം.
3. ശ്രീ. അജിൽ കുമാർ എ.സ് .വി , സ്റ്റേറ്റ് ടാക്സ് ഓഫീസർ, വർക്സ് കോൺട്രാക്റ്റ്, തിരുവനന്തപുരം.

**പങ്കെടുത്ത വ്യാപാരി പ്രതിനിധികൾ**

| | | |
|---|---|---|
| 1. | ശ്രീ വൈ. വിജയൻ | – കെ.വി.വി ഇ.എസ് |
| 2. | ശ്രീ. വർഗ്ഗീസ്.വി.കെ | – കെ.എസ് .എസ്,ഐ.എ |
| 3. | ശ്രീ. രാമകൃഷ്ണൻ ടി.എസ് | – ടി.സി.സി.ഐ |
| 4. | ശ്രീ.വിജയനാചാരി.എസ് | – കെ.ടി.പി.എ |
| 5. | ശ്രീ.വിജയൻ.വി | – |
| 6. | കെ.ജെ സെബാസ്റ്റ്യൻ | |

യോഗ നടപടിക്രമങ്ങൾ 3 മണി ക്കു തന്നെ ആരംഭിച്ചു. കഴിഞ്ഞ യോഗത്തിൽ സ്വീകരിച്ച നടപടികൾ ജോയിന്റ് കമ്മീഷണർ വ്യക്തമാക്കിക്കൊടുക്കുകയുണ്ടായി . യോഗത്തിൽ പ്രതിനിധികൾ ചർച്ച ചെയ്തതും ഉന്നയിച്ചതുമായ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

ജി.എസ്.ടി യിൽ പുതിയതായി വന്ന മാറ്റങ്ങളെ ക്കുറിച്ച് ശ്രീ അജിൽ കുമാർ .എസ്, സ്റ്റേറ്റ് ടാക്സ് ഓഫീസർ വിശദീകരിച്ചു. ആംനസ്റ്റി സ്കീം ഓപ്റ്റ് ചെയ്യാനുള്ള കാലാവധി നവംബർ 30 വരെ നീട്ടിയതായി ജോയിന്റ് കമ്മീഷണർ അറിയിച്ചു. Business to Business Transaction ഉള്ള ഓരോ വ്യാപാരിയും ടേൺഓവർ ലിമിറ്റ് നോക്കാതെ രജിസ്ട്രേഷൻ എടുക്കണമെന്നും ജോയിന്റ് കമ്മീഷണർ അറിയിച്ചു.

1. ജി.എസ്.റ്റി യിലെ പുതിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?
   ഈ കാലയളവിൽ ഏതാനും മാറ്റങ്ങൾ നോട്ടിഫിക്കേഷനിലൂടെ വന്നിട്ടുണ്ട്.

   **i) നോട്ടിഫിക്കേഷൻ നം.62/2020 തീയതി 20.08.2020**

   2020 ലെ ഫിനാൻസ് ആക്റ്റ് പ്രകാരം സെക്ഷൻ 25(6) ൽ 6A, 6B, 6C, 6D എന്നീ സബ് സെക്ഷനുകൾ കൂട്ടിച്ചേർത്ത്കൊണ്ട് ജി .എസ്.ടി രജിസ്ട്രേഷൻ എടുക്കുന്നവർ ആധാർ

Authentication നടത്തേണ്ടതുണ്ടെന്ന് നിബന്ധന കൊണ്ടുവന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട Rule Amendment ആണ് Notification 62/2020 (10th Rule Amendment of 2020)

ഇത് പ്രകാരം രജിസ്ട്രേഷനുമായി ബന്ധപ്പെട്ട Rule-8, Rule-9 എന്നിവയിലാണ് മാറ്റമുണ്ടായത്. ഇത് പ്രകാരം Rule-8 ൽ Sub Rule-4A കൂട്ടിച്ചേർത്തു.

ഈ സബ്റൂൾ പ്രകാരം Adhar Authentication opt ചെയ്യുവർ ആപ്ലിക്കേഷൻ ഫയൽ ചെയ്യുമ്പോൾ 21.08.2020 മുതൽ ആധാർ നമ്പർ Authentication നടത്തിയിരിക്കണം. ഇങ്ങനെയുള്ളവരുടെ date of submission of application ആയി കണക്കാക്കുന്നത് താഴെ പറയുന്നവയിൽ ആദ്യം വരുന്ന തീയതി ആയിരിക്കും.

1. ആധാർ Authentication നടത്തിയ തീയതി
2. GST REG-01 ആപ്ലിക്കേഷന്റെ PART-B സമർപ്പിച്ച് 15 ദിവസം തികയുന്ന ദിവസം.

ഈ നോട്ടിഫിക്കേഷൻ പ്രകാരം Rule 9(1)(i) ലെ പ്രൊവിസോ സബ്സ്റ്റിറ്റ്യൂട്ട് ചെയ്തു. ഇത്തരത്തിൽ സബ്സ്റ്റിറ്റ്യൂട്ട് ചെയ്ത പ്രൊവിസോ പ്രകാരം മേൽ വിവരിച്ച Rule-8 ലെ Sub Rule-4A അനുസരിച്ച് Adhar Authentication opt ചെയ്തശേഷം Authenticate ചെയ്യാത്തവരുടേയും Adhar Authentication opt ചെയ്യാത്തവരുടേയും രജിസ്ട്രേഷൻ നൽകുന്നത് അത്തരം വ്യക്തികളുടെ സാന്നിധ്യത്തിൽ Place of Business, Rule-25 പ്രകാരം ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയതിനുശേഷം മാത്രമായിരിക്കും.

ഇത്തരത്തിൽ വിജയകരമായി Authenticate ചെയ്യപ്പെട്ടിട്ടുള്ള രജിസ്ട്രേഷൻ ആപ്ലിക്കേഷനുകൾക്ക് സാധാരണപോലെ മൂന്ന പ്രവർത്തി ദിവസിത്തിനകം നടപടികൾ പൂർത്തിയാക്കി രജിസ്ട്രേഷൻ നൽകുന്നതായിരിക്കും( Deficiency ഒന്നുമില്ലെങ്കിൽ).

മേൽപ്പറഞ്ഞ രീതിയിൽ ആധാർ Authentication opt ചെയ്തശേഷം Authenticate ചെയ്യാത്തവർക്കും, opt ചെയ്യാത്തവർക്കും അപേക്ഷ ലഭിച്ച് 21 ദിവസിത്തിനകം GST REG-03 പ്രകാരം Deficiency Memo നൽകാവുന്നതാണ്.

ഒരു പ്രോപ്പർ ഓഫീസർ രജിസ്ട്രേഷൻ അപേക്ഷയുടെ മേൽ നടപടി എടുക്കാതിരുന്നാൽ താഴെ പറയുന്ന സാഹചര്യങ്ങളിൽ അതോടൊപ്പം പറയുന്ന ദിവസങ്ങൾക്കുള്ളിൽ രജിസ്ട്രേഷൻ അപേക്ഷ അപ്രൂവ് ചെയ്തതായി കണക്കാക്കപ്പെടുകയും അപേക്ഷകന് GSTIN ലഭിക്കുന്നതുമാണ്.

1. ആധാർ Authenticate ചെയ്ത അപേക്ഷകളും സെക്ഷൻ 25(6 D) പ്രകാരം നോട്ടിഫൈ ചെയ്ത വിഭാഗത്തിൽപ്പെട്ട അപേക്ഷകളും - 3 ദിവസം
2. Authentication opt ചെയ്യാത്ത അപേക്ഷകൾ - 21 ദിവസം
3. Deficiency Memo ഇഷ്യൂ ചെയ്ത ശേഷമാണെങ്കിൽ clarification ലഭിച്ച ശേഷം - 7 പ്രവർത്തി ദിവസം

b) <u>നോട്ടിഫിക്കേഷൻ 63/2020 തീയതി 25.08.2020</u>

2019 ഫിനാൻസ് ആക്റ്റ് (No. 2) പ്രകാരം SGST/CGST Act-ലെ സെക്ഷൻ 50(1) നോടൊപ്പം കൂട്ടിചേർക്കപ്പെട്ട proviso പ്രകാരം സെക്ഷൻ 39 പ്രകാരമുള്ള റിട്ടേൺ ഡ്യൂ ഡേറ്റിനു ശേഷമാണ് ഫയൽ ചെയ്യുന്നതെങ്കിൽ ആയതിൻമേലുള്ള പലിശ കണക്കാക്കുന്നത് കേഷ് ലഡ്ജറിൽ നിന്ന് debit ചെയ്ത് അടയ്ക്കുന്ന തുകയുടെ മേലായിരിക്കും എന്ന് പരിഷ്കരിച്ചിരുന്നു. (അതായത് Net tax due)

ഇതുമായി ബന്ധപ്പെട്ട മുൻകാല പ്രാബല്യം സംബന്ധിക്കുന്ന വിഷയം ചില നിയമ പ്രശ്നങ്ങളുമായി നീണ്ട് പോകുന്നതിനാൽ ഈ നോട്ടിഫിക്കേഷൻ വഴി മേൽ വിവരിച്ച proviso നിലവിൽ വരുന്നത് 01.09.2020 മുതലായിരിക്കുമെന്ന് അറിയിച്ചിരുന്നു. (താല്കാലികമായിരിക്കുമെന്ന് മനസ്സിലാക്കുന്നു).

c) <u>നോട്ടിഫിക്കേഷൻ 64/2020 തീയതി 31.08.2020</u>

കഴിഞ്ഞ മിനിട്ട്സിൽ, കോമ്പോസിഷൻ ഓപ്റ്റ് ചെയ്തിട്ടുള്ള Taxable persons ന്റെ GSTR-4 (2019-20) ഫയൽ ചെയ്യുന്നതിനുള്ള തീയതി 31.08.2020 വരെ നീട്ടി നൽകിയിരുന്നതായി അറിയിച്ചിരുന്നു.

ഈ തീയതി മേൽപ്പറഞ്ഞ നോട്ടിഫിക്കേഷൻ പ്രകാരം 31.10.2020 വരെ നീട്ടിയിട്ടുണ്ട്.

d) <u>നോട്ടിഫിക്കേഷൻ 65/2020 തീയതി 01.09.2020</u>

ഈ നോട്ടിഫിക്കേഷൻ അനുസരിച്ച് സെക്ഷൻ 171 പ്രകാരം ഏതെങ്കിലും അധികാരിയുടെ നടപടിക്രമങ്ങളോ(Anti profiteering) അവയുടെ നടപ്പാക്കലുകളോ 2020 മാർച്ച് 20 മുതൽ 2020 നവംബർ 29 ന് അകം നടത്തി തീർപ്പാക്കാനുള്ളതും എന്നാൽ ആയത് ഈ കാലവധിക്കകം ചെയ്ത് തീർക്കുവാൻ സാധിക്കാതെ വന്നിട്ടുള്ളതുമായിട്ടുണ്ടെങ്കിൽ, അവയുടെ എല്ലാത്തിന്റെയും സമയപരിധി 2020 നവംബർ 30 വരെ ദീർഘിപ്പിച്ചു.

2. Adhar Authentication പുതിയ രജിസ്ട്രേഷനുകൾക്ക് മാത്രമാണോ ചെയ്യേണ്ടത്?

നിലവിൽ പുതിയ രജിസ്ട്രേഷനുകൾക്ക് മാത്രമാണ് Adhar Authentication ആവശ്യപ്പെട്ടിട്ടുള്ളത്.

3. ലോക്ക് ഡൗൺ (കോവിഡ്- 19 വ്യാപനം) മായി ബന്ധപ്പെട്ട്, റിട്ടേൺ ഫയൽ ചെയ്യുന്നവരെ പെനാൽറ്റി, late fee എന്നിവയിൽ നിന്ന് ഒഴിവാക്കുമോ?

ഇതുമായി ബന്ധപ്പെട്ട് നേരത്തെ തന്നെ 2020 ജുലായ് മാസം വരെയുള്ള റിട്ടേണുകളിൽ transaction ഉള്ള റിട്ടേണുകൾക്ക് ഓരോ മാസത്തെയും പരമാവധി 500 രൂപയും transaction കൾ ഒന്നും തന്നെയില്ലാത്ത റിട്ടേണുകൾക്ക് യാതൊരു വിധ late fee യും നൽകാതെയും റിട്ടേൺ ഫയൽ ചെയ്യുന്നതിന് സെപ്റ്റംബർ (2020) 30 വരെ സമയം നൽകിയിരുന്നു.

റിട്ടേൺ ഫയൽ ചെയ്യാത്തയാളുകൾക്ക് പിന്നീട് റിട്ടേൺ ഫയൽ ചെയ്യുമ്പോൾ സാധാരണ ഗതിയിൽ പെനാൽറ്റി അടയ്ക്കേണ്ടതില്ല. എന്നാൽ ഒരു Return Defaulter - റെ GST ASMT - 13 നൽകി സെക്ഷൻ 62 പ്രകാരം assessment ചെയ്യുമ്പോൾ പെനാൽറ്റി impose ചെയ്യാറുണ്ട്. കോവിഡ്- 19 കാലഘട്ടത്തിലെ Return Defaulter ന് മേൽ നിലവിൽ ഈ വകുപ്പ് പ്രകാരം assessment നടത്തുന്നില്ല.

4. ജി എസ് ടി രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള ടേണോവർ പരിധി ചരക്ക് കളുടെ കാര്യത്തിൽ 40 ലക്ഷമാക്കി മാറ്റിയിട്ടുണ്ട്. ഇതിന് താഴെ ടേണോവർ വരുന്ന രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികൾക്ക് 50,000 രൂപയ്ക്ക് മുകളിൽ വരുന്ന തുകയുടെ ചരക്ക് നീക്കം നടത്തുമ്പോൾ ഇ -വേ ബിൽ ആവശ്യമുണ്ടോ? ഇത്തരത്തിൽ പരിധി ഉയർത്തിയത് സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതിയിൽ ചോർച്ചയുണ്ടാക്കില്ലേ? വിശദമാക്കാമോ?

ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്തവർക്കും 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള ചരക്ക് നീക്കം നടത്തുമ്പോൾ ഇ - വേ ബിൽ ആവശ്യമാണ് . ഇത്തരത്തിലുള്ളവർക്ക് ഇ-വേ ബിൽ generate ചെയ്യുന്നതിനുള്ള common portal ൽ ലഭ്യമാണ്.

ചെറുകിട വ്യാപാരികളെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ചരക്കുകൾ മാത്രം വില്പന നടത്തുന്ന വ്യാപാരികളുടെ രജിസ്ട്രേഷൻ പരിധി 40 ലക്ഷമായി ഉയർത്തിയിട്ടുള്ളത്. ഇത്തരത്തിൽ രജിസ്ട്രേഷൻ എടുക്കാതിരിക്കുന്ന വ്യാപാരികൾ മറ്റ് രജിസ്ട്രേഷൻ ഉള്ള മറ്റ് വ്യാപാരികളിൽ നിന്നാണ് സാധനങ്ങൾ വാങ്ങുന്നത് എന്നതിനാലും, ഈ സമയം അത്തരം സാധനങ്ങൾക്ക് നികുതി നൽകുന്നുണ്ട് എന്നതിനാലും, ഇത്തരത്തിൽ വാങ്ങുന്ന സാധനങ്ങൾ വിൽക്കുമ്പോഴുണ്ടാകുന്ന value addition

ന് മേൽ വരുന്ന ചെറിയ ഒരു നികുതി മാത്രമേ സർക്കാരിന് നഷ്ടപ്പെടുന്നുള്ളൂ . ഇത് ചെറുകിട വ്യാപാരികളുടെ ക്ഷേമവുമായി ബന്ധപ്പെട്ട നഷ്ടമായി കാണാവുന്നതാണ്.

5. സ്വർണ്ണ വ്യാപാരികൾക്ക് ഇ -വേ ബിൽ നിർബന്ധമാക്കിക്കൊണ്ടുള്ള നോട്ടിഫിക്കേഷൻ കേരളത്തിൽ നിലവിൽ വന്നിട്ടുണ്ടോ?

സ്വർണ്ണത്തിന് ഇ-വേ ബിൽ നിർബന്ധമാക്കുമെന്ന് അറിയിപ്പുണ്ടായിട്ടുണ്ടെങ്കിലും , അതുമായി ബന്ധപ്പെട്ട് നോട്ടിഫിക്കേഷനുകൾ ഒന്നും തന്നെ നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല . ജി എസ് ടി എന്നത് രാജ്യം മുഴുവനുമുള്ള ഒറ്റ നിയമമായതിനാൽ , ഇത്തരത്തിലുള്ള പരിഷ്കാരങ്ങൾ ജി എസ് ടി കൗൺസിലിന്റെ ശുപാർശ പ്രകാരം രാജ്യത്താകമാനമായിരിക്കും നിലവിൽ വരിക.

6. GST ASMT - 10 നോട്ടീസുകൾ വ്യാപകമായി അയച്ച് തുടങ്ങിയിട്ടുണ്ട് . ഇത് എന്തിന് വേണ്ടിയാണെന്നും, കോവിഡ്-19 സാഹചര്യത്തിൽ ഇത്തരം നോട്ടീസുകൾ ഒക്ടോബർ 31 വരെയെങ്കിലും നിർത്തി വച്ചുകൂടെയെന്നും വിശദമാക്കാമോ?

ഒരു വ്യാപാരി ഓരോ റിട്ടേണിലൂടെയും ഒരു സാമ്പത്തിക വർഷത്തിലോ , നികുതി കാലയളവിലോ നടത്തിയിട്ടുള്ള transaction കൾ സംബന്ധിക്കുന്ന വിവരങ്ങൾ പ്രോപ്പർ ഓഫീസർ പരിശോധിച്ച്, ആയതിൽ എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ വ്യാപാരിയെ അറിയിച്ച് വ്യത്യാസമുള്ള തുകയും പലിശയും മാത്രം അടച്ച് തീർക്കുന്നതിനുള്ള അവസരമൊരുക്കുന്ന നോട്ടീസ് ആണ് GST ASMT-10.

ഈ നോട്ടീസ് ലഭിക്കുന്ന ഒരു വ്യാപാരി നോട്ടീസിൽ പറഞ്ഞിട്ടുള്ള ന്യൂനതകൾ പരിശോധിച്ച് ആയത് ശരിയാണെങ്കിൽ DRC-03 യിൽ തുകയും പലിശയും അടയ്ക്കുകയും, ആയത് ശരിയല്ലെങ്കിൽ ആയതുമായി ബന്ധപ്പെട്ട വിശദീകരണം തയ്യാറാക്കുകയും ചെയ്ത ശേഷം , മേൽ വിവരിച്ച രണ്ട് സാഹചര്യത്തിലും common portal വഴി പണമടച്ച വിവരമോ, വിശദീകരണമോ പ്രോപ്പർ ഓഫീസറെ GST ASMT - 11 ൽ അറിയിക്കാവുന്നതും, പ്രോപ്പർ ഓഫീസർ ആയത് പരിശോധിച്ച് അടിച്ചിട്ടുള്ള തുക കൃത്യമാണെങ്കിലോ, വിശദീകരണം തൃപ്തികരമാണെങ്കിലോ, GST ASMT - 12 എന്ന ഫാറം വഴി കേസ് അവസാനിപ്പിച്ചതായി വ്യാപാരിയെ അറിയിക്കുന്നതാണ് . ഇതോടെ ഈ പ്രക്രിയ അവസാനിക്കുന്നതാണ്.

മേൽ സൂചിപ്പിച്ച രീതിയിൽ പ്രതികരിക്കാത്ത വ്യാപാരികൾക്ക് മേൽ തുടർന്ന് DRC-01A, DRC -01 എന്നീ രണ്ട് നോട്ടീസുകൾ കൂടി നൽകിയശേഷം മാത്രമേ അസസ്സ്മെന്റ് ഓർഡർ ആവുകയും demand create ചെയ്യപ്പെടുകയുമുള്ളൂ. ആയതിനാൽ ഇപ്പോൾ GST ASMT - 10 നോട്ടീസ് ലഭിക്കുന്ന ഒരാൾക്ക് ചോദ്യത്തിലുന്നയിച്ചതിനേക്കാൾ കൂടുതൽ സമയം ലഭിക്കുന്നതാണ്.

ഒപ്പ്/-

**സംസ്ഥാന നികുതി ജോയിന്റ് കമ്മീഷണർ**

**പകർപ്പ്:**

കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
ശ്രീ. ടോംസ് ജോൺ ,സൂപ്രണ്ട്, സി.ജി.എസ്.റ്റി.
ശ്രീ. ബി.മനു, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ തിരുവനന്തപുരം.
ശ്രീ. വി, ശൈലേന്ദ്രൻ അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്), തിരുവനന്തപുരം

ശ്രീ.എസ്.ഷൈൻ, അസിസ്റ്റന്റ് കമ്മീഷണർ, തിരുവനന്തപുരം
ശ്രീമതി ലെന .എസ്, അസിസ്റ്റന്റ് കമ്മീഷണർ, നെയ്യാറ്റിൻകര.
ശ്രീ. എസ്.സാബു കുമാർ, അസിസ്റ്റന്റ് കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ
ശ്രീ.സജിത്.പി.എസ്, അസിസ്റ്റന്റ് കമ്മീഷണർ,സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം.

| | |
|---|---|
| ശ്രീ.വൈ വിജയൻ | – കെ.വി.വി.ഇ.എസ് |
| ശ്രീ.സദാനന്ദൻ | – ജനറൽമർച്ചൻറ്സ് |
| ശ്രീ പാപ്പനംകോട് രാജപ്പൻ | – കെ.യു.വി.എ.എസ് |
| ശ്രീ. വർഗ്ഗീസ് വി.കെ | – സെക്രട്ടറി– കെ.എസ്.എസ്. ഐ |
| ശ്രീ.മധുസുധനൻ നായർ. ബി. | – എ.കെ.ടി.ഐ |
| ശ്രീ. പരമേശ്വർ. ജെ.ഡി. | |
| ശ്രീ.കൃഷ്ണകുമാർ | – എ.കെ.ഡി.എ |
| ശ്രീ അജിത് .കെ മാർത്താണ്ഡം | – എ.കെ.ഐ.റ്റി ആൻറ് എസ്.റ്റി.പി.എ |
| ശ്രീ. പനങ്ങോട്ടുകോണം വിജയൻ | – വി.വി കോൺഗ്രസ്സ് |
| ശ്രീ വിജയൻ ആശാരി .എസ് | – കെ.റ്റി.പി.എ |
| ശ്രീ ഗണേഷ്.എച്ച് | – കെ.ഇ.റ്റി.എ |
| ശ്രീ. രാമകൃഷ്ണൻ ടി.എസ് | – ടി.സി.സി.ഐ |
| ശ്രീ. രോഹിത് കുമാർ | – എ.കെ.റ്റി.ഐ.എസ്.ഡി.എ |
| ശ്രീ മഹേഷ് തയ്യർ | – എ.കെ.ഐ.റ്റി ആൻറ് എസ്.റ്റി.പി.എ |
| ശ്രീ. അശോക്.വി | – വി.വി കോൺഗ്രസ്സ് |
| ശ്രീ. വിനോദ് പി. | – എ.കെ.ടി.ഐ |
| ശ്രീ. മധു | – കെ.എസ്. എസ്.ഐ.എ. |
| ശ്രീ. വി.അശോക് | – വി.വി കോൺഗ്രസ്സ് |
| ശ്രീ.വി.വിജയൻ ആചാരി | – കെ.റ്റി.പി.എ |
| ശ്രീ എം.ശശിധരൻ നായർ | |
| ശ്രീ. കെ.ജെ.സെബാസ്റ്റ്യൻ | – കെ.സി.ഡി.എ |
| ശ്രീ.സിതാരാമ | – എ.കെ.ജി.എസ്.എം |
| ശ്രീ. പി.ഗണേഷ് | – കെ.ഇ.ടി.എ |
| ശ്രീ. സജി മാത്യു | – സി.ഐ.എ |
| ശ്രീ. ഷിബു ജെയിംസ് | – ആർ.ഡി.എ, |
| ശ്രീ.ജോസ് സക്കറിയ | – കെ.സി.സി.ഐ.എസ്.ആർ |
| ശ്രീ.സായ് പ്രശാന്ത് | |